**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ഡോ. എം. കെ. മുനീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ വസ്തുക്കളായ കമ്പി, സിമെന്റ്, കരിങ്കല്ല്, എംസാന്റ്, മെറ്റൽ തുടങ്ങിയവയുടെ വില വർദ്ധനവ് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യ മായ സിമന്റ്, കമ്പി എന്നിവ പ്രധാനമായും ഉത്പാദിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ്. കെട്ടിട നിർമ്മാണ വസ്തുക്കളിൽ സിമന്റ് ഉപയോഗം വഴി ഉണ്ടാകുന്ന ചെലവ് ആകെ ചെലവിന്റെ ഏകദേശം 5% വരെ മാത്രമാണ്. കേരളത്തിൽ വിൽക്കുന്ന സിമന്റ് ബ്രാൻഡുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ വിപണന പങ്കാളിത്തം 5 ശതമാനത്തോളമാണ്. ഇതര ബ്രാൻറുകളെ അപേക്ഷിച്ച് മലബാർ സിമന്റിന്റെ വിൽപ്പന വില താരതമ്യേന കുറവാണ്. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സ്ഥാപനം സിമന്റ് വില വർദ്ധിപ്പിച്ചിട്ടില്ല. ഏതാനും മാസങ്ങളായി സിമന്റ് വിലയിൽ ഗണ്യമായ ഇടിവ് നേരിടുകയാണ്. |
| (ബി) | പല കമ്പനികളും കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം കുറച്ച് വില കൂട്ടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടില്ല. |
| (സി) | നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനവ് സാധാരണക്കാരെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | കേന്ദ്ര നയങ്ങൾ മൂലമുണ്ടാവുന്ന വില വർദ്ധനവുകളിൽ സംസ്ഥാനത്തിന് മാത്രമായി ഇടപെടുന്നതിന് പരിമിതികളുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ "*കലവറ*" എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ |

| | | | |
|---|---|---|---|
| | | | 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്.<br><br>നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിയ്ക്കാൻ ജില്ലാ തലത്തിൽ കലക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കലക്ടർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ